# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 182

26/02/2018-ലെ മറുപടി

## കനോലി കനാലിലെ ജലപാത നിർമ്മാണം

**ചോദ്യം**

**ശ്രീ. വി. അബ്ദുറഹിമാൻ**

(എ) ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള കനോലി കനാലിലെ പൊന്നാനി മുതൽ ബേപ്പൂർ വരെയുള്ള ( PORT to PORT ) ജലപാതയുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; ഇതിന്റെ വീതി 40 മീറ്ററായി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ദേശീയ ജലപാതയുടെ 3-ാം റീച്ചായി വരുന്ന പ്രസ്തുത ഭാഗം ഗതാഗത യോഗ്യമാക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) കനോലി കനാൽ ജലപാത നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ഡി) ഗതാഗതത്തിനും ടൂറിസത്തിനും ഏറെ സാധ്യതയുള്ള പ്രസ്തുത ജലപാത യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

**മറുപടി**

**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

(എ) & (ബി) & (സി) & (ഡി) കനോലി കനാലിലെ പൊന്നാനി മുതൽ ബേപ്പൂർ വരെയുള്ള ജലപാത ദേശീയ ജലപാത III ന്റെ ഭാഗമാണ്. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത III ന്റെ നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണവും നവീകരണവും കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) യുടെ കീഴിലാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത് IWAI ആണ്. പ്രസ്തുത ജലപാത എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ട സഹായ സഹകരണങ്ങൾ സംസ്ഥാന സർക്കാർ IWAI യ്ക്ക് ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ